**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6828** **21-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയവിതരണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഡാഷ് ബോർഡ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് താമസയോഗ്യമായ ഭൂമിയുടെ ലഭ്യത കുറവ് മൂലം അതത് പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്ക് പട്ടയ വിതരണം പൂർണ്ണമായും നടത്തുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; | (എ) | തടസ്സങ്ങൾ നേരിടുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടയവിതരണത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ; | (ബി) | അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ഒരു പട്ടയമിഷന് വേഗതയിൽ പ്രാവർത്തികമാക്കാൻ സർക്കാർ രൂപം നൽകുകയാണ്. മലയോര – ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രോസിജിയർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇതു വിപുലീകരിക്കാൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽ വരുന്ന പ്രശ്നങ്ങൾക്ക് തടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേകമായ നടപടികൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനായി ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. താലൂക്ക് ലാന്റ് ബോർഡുകളിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം - വൈദ്യുതി - ജലവിഭവം - തദ്ദേശം - പൊതുമരാമത്ത് വകുപ്പുമായി |

| | | | |
|---|---|---|---|
| | | | പ്രത്യേകമായ ചർച്ചകൾ നടത്തി വരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പട്ടികജാതി/വർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നു വരുന്നു. ഇത്തരത്തിൽ വിവിധങ്ങളായ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയമിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാ തലത്തിൽ കളക്ടേറ്റിലും, താലൂക്ക് തലത്തിലും, പ്രത്യേക സെല്ലുകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023 ലെ ബജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടയവിതരണത്തിലുണ്ടാകുന്ന കാലതാമസം ശാശ്വതമായി പരിഹരിക്കുന്നതിനും തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും വില്ലേജടിസ്ഥാനത്തിൽ ഭൂരഹിതരെ കണ്ടെത്തുന്നതിനും ഭൂമിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും അനുസൃതമായ വിവരങ്ങൾ കണ്ടെത്തി സൂക്ഷിക്കുന്നതിന് ഒരു ഡാഷ് ബോർഡ് സംവിധാനം സജ്ജമാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (സി) | നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ് ) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിനായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിന്മേൽ സർക്കാരിൽ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ 2471 പ്രശ്നങ്ങൾ വിവിധ ജില്ലകളിൽ നിന്നായി രേഖപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കാർഡുകൾ പ്രകാരം കായൽ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക് ഉടങ്ങിയ വിവിധ രേഖപെടുത്തലുകൾ ഉള്ള ഭൂമി പതിച്ചു കൊടുക്കുന്നതിൽ നിയമപ്രകാരമുള്ള തടസ്സങ്ങൾ ഉള്ളതും ചില വിഷയങ്ങളിൽ ചട്ട ഭേദഗതി ആവശ്യമുള്ളതുമാണ്. |
| (ഡി) | പ്രസ്തുത ഡാഷ് ബോർഡ് സംവിധാനം സജ്ജമാകുന്നതോടുകൂടി ഓരോ പ്രദേശത്തെയും പട്ടയവിതരണത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ കണ്ടെത്തി അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യ | (ഡി) | പട്ടയം മിഷനിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന-ജില്ലാ-താലൂക്ക് തലത്തിലെ പ്രത്യേക സെല്ലുകൾ മുഖേന പട്ടയം ഡാഷ്ബോർഡിൽ ഓരോ പ്രദേശത്തെയും പട്ടയവിതരണത്തിലുള്ള സാങ്കേതിക തടസ്സങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ള പ്രശ്നങ്ങൾ പരിശോധിച്ചു അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു എല്ലാ |

| | | | |
|---|---|---|---|
| | സാക്ഷാത്കാരത്തിലേക്ക് എത്തിച്ചേരുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ? | | ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യ സാക്ഷാത്കാരത്തിലേക്ക് എത്തിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ